**ഭരണഭാഷ-മാതൃഭാഷ**

നം.2920/ബി1/16/ജി.എച്ച്.എം.സി.റ്റി

ഗവ: ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്,
ഐരാണിമുട്ടം, തിരുവനന്തപുരം,
തീയതി, 08/02/2021
ഫോൺ:0471-2459459.

## പുന: ലേല പരസ്യം

തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് വനിതാ ഹോസ്റ്റലിന് സമീപം മുറിഞ്ഞു വീണു കിടക്കുന്ന ഒരു തേക്കു മരം 23-02-2021 രാവിലെ 12 മണിയ്ക്ക് പ്രിൻസിപ്പാളോ പ്രിൻസിപ്പാൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ നേതൃത്വത്തിൽ ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ₹1000/- നിരതദ്രവ്യമായി ലേലസമയത്തിന് മുമ്പായി അടയ്ക്കേണ്ടതാണ്. ലേലം പിടിക്കുന്ന വ്യക്തി ലേല തുകയോടൊപ്പം 5% വന വികസന നികുതിയും, ലേല തുകയും വനവികസന നികുതിയും കൂടെ കൂട്ടി അതിന്റെ 18% ജി.എസ്.ടി യും ഉൾപ്പെടെയുള്ള തുക ലേലം ഉറപ്പിച്ച ഉടൻതന്നെ കെട്ടിവയ്ക്കേണ്ടതാണ്. ലേലം പിടിക്കുന്ന വ്യക്തി ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേല നടപടി അവസാനിച്ചാൽ തിരികെ നൽകുന്നതാണ്. നിശ്ചിത സമയത്ത് ലേലത്തിന് ഹാജരാകാത്തവരെ ലേല നടപടിയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലം സംബന്ധിച്ചുള്ള പൊതുവായ നിയമങ്ങൾ ഈ ലേലത്തിന് ബാധകമാകുന്നതാണ്. ലേലത്തിൽ നേരിട്ടു പങ്കെടുക്കാൻ കഴിയാത്തവർക്ക് മുദ്ര വച്ച കവറിൽ ലേല തുക രേഖപ്പെടുത്തി 23/02/2021 വൈകുന്നേരം 4 മണിക്കു മുമ്പായി ഓഫീസിൽ എത്തിച്ച് ലേലത്തിൽ പങ്കുചേരാവുന്നതാണ്. അത്തരത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യത്തിനു തുല്യമായ തുകയ്ക്കുള്ള ഡിഡി മുദ്ര വച്ച കവറിനൊപ്പം ഹാജരാക്കുകയോ ഈ ഓഫീസിൽ നേരിട്ട് പണമടച്ച് രസീതിന്റെ പകർപ്പ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടെ തേക്കു മരം പരിശോധിക്കാനുള്ള സൗകര്യം ലഭിക്കുന്നതാണ്.

ലേലത്തിന് ശേഷം ഏഴ് ദിവസത്തിനുള്ളിൽ ലേലം കൊണ്ട ആളിന്റെ സ്വന്തം ചെലവിൽ കോളേജ് പരിസരത്ത് നിന്നും സ്വന്തം ഉത്തരവാദിത്വത്തിൽ മരം നീക്കം ചെയ്യേണ്ടതാണ് അല്ലാത്ത പക്ഷം പ്രസ്തുതലേലം അസ്ഥിരപ്പെടുത്തുകയും ലേല തുക സർക്കാരിലേക്ക് കണ്ടുകെട്ടി പുനർ ലേലം ചെയ്യുന്നതുമാണ്. ലേലദിവസം എന്തെങ്കിലും കാരണത്താൽ പൊതു അവധി ആയാൽ പിറ്റേദിവസം അതേ സമയം ലേലം നടത്തുന്നതാണ്. ക്യാമ്പസിലുള്ള മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾക്ക് കേടുപാടുണ്ടാക്കാൻ പാടുള്ളതല്ല.

വിശ്വാസപൂർവ്വം,

സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് * തിരുവനന്തപുരം *

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ.

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ
സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്
തിരുവനന്തപുരം

പകർപ്പ്:-

1. നോട്ടീസ് ബോർഡ്, ഗവ: ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
2. നോട്ടീസ് ബോർഡ്,ഗവ: ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
3. നോട്ടീസ് ബോർഡ്, താലൂക്ക് ഓഫീസ്, തിരുവനന്തപുരം.
4. നോട്ടീസ് ബോർഡ്, കോർപ്പറേഷൻ ഓഫീസ്,തിരുവനന്തപുരം.
5. നോട്ടീസ് ബോർഡ്,സിവിൽ സ്റ്റേഷൻ,തിരുവനന്തപുരം.
6. നോട്ടീസ് ബോർഡ്,ഗവ: ആയുർവേദ കോളേജ്,തിരുവനന്തപുരം.
7. നോട്ടീസ് ബോർഡ്,വില്ലേജ് ഓഫീസ്,മണക്കാട്.
8. അസിസ്റ്റന്റ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ്,തിരുവനന്തപുരം
9. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
   സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ,
   രാജീവ് ഗാന്ധിനഗർ, വട്ടിയൂർക്കാവ് പി.ഒ,
   തിരുവനന്തപുരം. Email: acf.sf-tvm.for@kerala.gov.in
10. ഐരാണിമുട്ടം ബസ് സ്റ്റോപ്പ്.
11. എസ്.എഫ്/ഒ.സി.

(4)